# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 488** **28.02.2017-ൽ മറുപടിയ്ക്ക്**

## നികുതി വരുമാനം

<table>
<tr><th></th><th>ചോദ്യം<br><br>ശ്രീ.ആർ. രാജേഷ്</th><th></th><th>മറുപടി<br>ഡോ. ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി)</th></tr>
<tr><td>(എ)</td><td>2011-16 കാലയളവിൽ നികുതിയിനത്തിൽ സംസ്ഥാന സർക്കാരിന് ലഭിച്ച തുകയുടെ വിശദവിവരം സാമ്പത്തിക വർഷം തിരിച്ച് ലഭ്യമാക്കുമോ;</td><td rowspan="2">(എ)<br><br>&<br><br>(ബി)</td><td rowspan="2">അക്കൗണ്ടന്റ് ജനറലിന്റെ കണക്ക് പ്രകാരം 2011-2012 മുതൽ 2016 ഡിസംബർ വരെയുള്ള സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം ചുവടെ ചേർക്കുന്നു.<br><br>
<table>
<tr><th>സാമ്പത്തിക വർഷം</th><th>ലഭിച്ച തുക<br>(തുക കോടി രൂപയിൽ)</th></tr>
<tr><td>2011-12</td><td>25,718.60</td></tr>
<tr><td>2012-13</td><td>30,076.61</td></tr>
<tr><td>2013-14</td><td>31,995.02</td></tr>
<tr><td>2014-15</td><td>35,232.50</td></tr>
<tr><td>2015.16</td><td>38,995.15</td></tr>
<tr><td>2016 [illegible] ഡിസംബർ വരെ</td><td>30,214.67</td></tr>
</table>
അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം 2016 ഡിസംബർ 31 വരെയുള്ള സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിൽ മുൻ വർഷത്തെ ഇതേ കാലയളവിനെ അപേക്ഷിച്ച് 8.98% വളർച്ച നേടുവാൻ കഴിഞ്ഞു.<br>വകുപ്പ് തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:-<br><br>ഈ സർക്കാർ അധികാരമേറ്റശേഷം 31.01.2017 ലെ കണക്കനുസരിച്ച് വാണിജ്യ നികുതി</td></tr>
<tr><td>(ബി)</td><td>ഈ സർക്കാർ അധികാരമേറ്റശേഷം നികുതി വരുമാനത്തിലുണ്ടായ വർദ്ധനവ് എത്ര ശതമാനമാണെന്നും നികുതിവരുമാനത്തിന്റെ വിശദാംശങ്ങളും ലഭ്യമാക്കുമോ?</td></tr>
</table>

| | | | |
|---|---|---|---|
| | | | വരുമാനത്തിൽ 9% വർദ്ധനവുണ്ടായിട്ടുണ്ട്. 31.01.2016 വരെയുള്ള കാലയളവിൽ ആകെ നികുതി വരുമാനം 24,661.53 കോടി രൂപയായിരുന്ന സ്ഥാനത്ത് 2016-17 സാമ്പത്തിക വർഷം ഇതേ കാലയളവിലെ ആകെ നികുതി വരുമാനം 26974.46 കോടി രൂപയാണ്.<br><br>രജിസ്ട്രേഷൻ ഇനത്തിൽ ഈ സർക്കാർ അധികാരമേറ്റശേഷം 2016 ജൂൺ മുതൽ ജനുവരി മാസം വരെ ആകെ 0.006% വർദ്ധനവുണ്ടയിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷം ജൂൺ മുതൽ ജനുവരി വരെ രജിസ്ട്രേഷൻ ഫീസിനത്തിൽ ലഭിച്ച ആകെ നികുതി വരുമാനം 1679.33 കോടി രൂപ ആയിരുന്ന സ്ഥാനത്ത് 2016-17 സാമ്പത്തിക വർഷം ഇതേ കാലയളവിൽ ഈയിനത്തിലുള്ള നികുതി വരുമാനം 1679.90 കോടി രൂപയാണ്.<br><br>2016 ജൂൺ മാസം മുതൽ 2017 ജനുവരി വരെ എക്സൈസ് വകുപ്പ് മുഖേനയുള്ള ആകെ വരുമാനം 1355.51 കോടി രൂപയാണ്. 2015-16 സാമ്പത്തിക വർഷത്തിൽ സമാന കാലയളവിലെ വരുമാനത്തെ അപേക്ഷിച്ച് 13.12 % വർദ്ധനവ് ഉണ്ടായിട്ടുണ്ട്.<br><br>ലാന്റ് റവന്യൂ, റവന്യൂ റിക്കവറി ഇനങ്ങളിൽ 2017 ജനുവരി 31 വരെ ഉള്ള കണക്ക് പരിശോധിക്കുമ്പോൾ ലാന്റ് റവന്യൂ ഇനത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് 38.04 കോടി രൂപയുടെ കുറവും റവന്യൂ റിക്കവറി |

| | | | |
|---|---|---|---|
| | | | ഇനത്തിൽ 1.04 കോടി രൂപയുടെ വർദ്ധനവും ഉണ്ടായിട്ടുണ്ട്.<br><br>മോട്ടോർ വാഹന വകുപ്പിൽ 2016 മെയ് മുതൽ 2017 ജനുവരി 31 വരെയുള്ള നികുതി വരുമാനം 1948.87 കോടി രൂപയാണ്. ഇത് കഴിഞ്ഞ സാമ്പത്തിക വർഷത്തെ ഇതേ കാലയളവിലെ വരുമാനത്തേക്കാൾ 14.16% കൂടുതലാണ്. |

**സെക്ഷൻ ഓഫീസർ.**